**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4108** **17-03-2025 - ൽ മറുപടിയ്ക്ക്**

**നടുവണ്ണൂരിലെ ലൈഫ് ഫ്ലാറ്റ് സമുച്ചയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നടുവണ്ണൂരിൽ നിർമ്മിക്കുന്ന ലൈഫ് ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം എന്നത്തേക്ക് പുനരാരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥത യിലുള്ള 196 സെന്റ് ഭൂമിയിൽ 120 ഭവനങ്ങളുടങ്ങിയ ഭവനസമുച്ചയ നിർമ്മാണത്തിന് 16.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നൂതന സാങ്കേതിക വിദ്യയായ LGSF- Light Guage Steel Framing ടെക്നോളജിയാണ് നിർമ്മാണ ത്തിനായി സ്വീകരിച്ചത്. ആദ്യ ഘട്ടത്തിലെ 72 ഭവനങ്ങളുടങ്ങിയ നിർമ്മാണത്തിന് 9.38 കോടി രൂപയുടെ സാങ്കേതികാനുമതി ലൈഫ് മിഷൻ ടെക്നിക്കൽ കമ്മിറ്റി നൽകുകയും M/.s Mitsumi Housing Ltd. ന് 09.12.2020 ൽ കരാർ നൽകുകയും ചെയ്തു. നിർമ്മാണ കാലാവധി 6 മാസം ആയിരുന്നു.<br><br>നിർമ്മാണത്തിന്റെ തുടക്കത്തിൽ കോവിഡ് മഹാമാരി കാരണവും പിന്നീട് ഇഡി അന്വേഷണവുമായി ബന്ധപ്പെട്ടും നിർമ്മാണത്തിന് തടസ്സം നേരിടുക യുണ്ടായി. നിർമ്മാണ സാമഗ്രികൾ ക്കുണ്ടായ വില വർദ്ധനവ് കാരണം കരാർ ഏറ്റെടുത്ത കമ്പനി കരാർ തുക വർദ്ധനവ് ആവശ്യപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ നിർത്തി വെച്ചിരിക്കു കയാണ്.<br><br>കരാർ തുകയുടെ 40% (3,42,78,552/- രൂപ) അധിക വർദ്ധനവാണ് നിർമ്മാണ കമ്പനിയായ M/s Mitsumi Housing Ltd. ആവശ്യപ്പെട്ടിട്ടുള്ളത്.<br><br>ഫ്ലാറ്റുകളുടെ കരാർ തുകകളുടെ വർദ്ധനവ് പരിശോധിക്കുന്നതിന് 27.04.2022-ലെ സ.ഉ.(സാധാ)നം. 1052/2022/ തസ്വഭവ ഉത്തരവ് പ്രകാരം സാങ്കേതിക സമിതി രൂപീകരിക്കുകയും, കരാറുകാരുടെ ആവശ്യം വിശദമായി പരിശോധിച്ച് സാങ്കേതിക സമിതി സമർപ്പിച്ച ശുപാർശകൾ സർക്കാർ പരിശോധിച്ചു വരികയുമാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണത്തിനായി നിലവിൽ എത്ര കോടി രൂപയാണ് അധികമായി നിർമ്മാണ ഏജൻസി ആവശ്യപ്പെട്ടിട്ടുള്ളത്; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ എവിടെയാണുള്ളത്; വിശദമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിലെ നട്ടവണ്ണൂർ ഗ്രാമപഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥത യിലുള്ള 196 സെന്റ് ഭൂമിയിൽ 120 ഭവനങ്ങളുടങ്ങിയ ഭവനസമുച്ചയ നിർമ്മാണത്തിന് 16.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നൂതന സാങ്കേതിക വിദ്യയായ LGSF- Light Guage Steel Framing ടെക്നോളജിയാണ് നിർമ്മാണ ത്തിനായി സ്വീകരിച്ചത്. ആദ്യ ഘട്ടത്തിലെ 72 ഭവനങ്ങളടങ്ങിയ നിർമ്മാണത്തിന് 9.38 കോടി രൂപയുടെ സാങ്കേതികാനുമതി ലൈഫ് മിഷൻ ടെക്നിക്കൽ കമ്മിറ്റി നൽകുകയും M/.s Mitsumi Housing Ltd. ന് 09.12.2020 ൽ കരാർ നൽകുകയും ചെയ്തു. നിർമ്മാണ കാലാവധി 6 മാസം ആയിരുന്നു.<br><br>നിർമ്മാണത്തിന്റെ തുടക്കത്തിൽ കോവിഡ് മഹാമാരി കാരണവും പിന്നീട് ഇഡി അന്വേഷണവുമായി ബന്ധപ്പെട്ടും നിർമ്മാണത്തിന് തടസ്സം നേരിടുക യുണ്ടായി. നിർമ്മാണ സാമഗ്രികൾ ക്കുണ്ടായ വില വർദ്ധനവ് കാരണം കരാർ ഏറ്റെടുത്ത കമ്പനി കരാർ തുക വർദ്ധനവ് ആവശ്യപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ നിർത്തി വെച്ചിരിക്കു കയാണ്.<br><br>കരാർ തുകയുടെ 40% (3,42,78,552/- രൂപ) അധിക വർദ്ധനവാണ് നിർമ്മാണ കമ്പനിയായ M/s Mitsumi Housing Ltd. ആവശ്യപ്പെട്ടിട്ടുള്ളത്.<br><br>ഫ്ലാറ്റുകളുടെ കരാർ തുകകളുടെ വർദ്ധനവ് പരിശോധിക്കുന്നതിന് 27.04.2022-ലെ സ.ഉ.(സാധാ)നം. 1052/2022/ തസ്വഭവ ഉത്തരവ് പ്രകാരം സാങ്കേതിക സമിതി രൂപീകരിക്കുകയും, കരാറുകാരുടെ ആവശ്യം വിശദമായി പരിശോധിച്ച് സാങ്കേതിക സമിതി സമർപ്പിച്ച ശുപാർശകൾ സർക്കാർ പരിശോധിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ